2025
DECEMBER
20
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# വിമാന ടിക്കറ്റ് കൊള്ള: തടയിടാൻ കേന്ദ്ര സർക്കാർ



**ന്യൂഡൽഹി:** അസാധാരണ സാഹചര്യങ്ങളിൽ യാത്രക്കൂലി കുത്തനെ ഉയർത്തുന്ന വിമാനക്കമ്പനികളുടെ നടപടിക്കു തടയിടുമെന്നു കേന്ദ്ര സർക്കാർ. കൊവിഡ് ലോക്ഡൗൺ, കുംഭമേള, സമീപകാലത്തുണ്ടായ ഇൻഡിഗോ പ്രതിസന്ധി എന്നിവയിലെല്ലാം സർക്കാർ ഇടപെട്ടിട്ടുണ്ടെന്നും കേന്ദ്രം. ലോക്സഭയിൽ സിവിൽ വ്യോമയാന മന്ത്രി കെ. റാംമോഹൻ നായിഡുവാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഭാവിയിലും ഇത്തരം സാഹചര്യങ്ങളിൽ സർക്കാർ ഇടപെടും. ഉഡാൻ സർവീസുകളിൽ ഇപ്പോൾത്തന്നെ നിരക്കിനു പരിധിയുണ്ടെന്നും മന്ത്രി.

ആഭ്യന്തര സർവീസുകളിൽ 65 ശതമാനവും നിയന്ത്രിക്കുന്ന ഇൻഡിഗോ അടുത്തിടെ കൂട്ടത്തോടെ സർവീസുകൾ റദ്ദാക്കിയപ്പോൾ രാജ്യത്ത് വ്യോമയാന മേഖല പ്രതിസന്ധിയിലായിരുന്നു.

പതിനായിരങ്ങൾക്കാണ് അടിയന്തര യാത്രാ ആവശ്യങ്ങൾ മുടങ്ങിയത്. ഇതോടെ വിവിധ കമ്പനികൾ യാത്രക്കൂലി കുത്തനെ കൂട്ടിയിരുന്നു. പിന്നീടു സർക്കാർ ഇടപെട്ട് നിയന്ത്രിച്ചിരുന്നു.

# തീർഥാടന വിസയിലെത്തി ഭിക്ഷാടനം; 56,000 പാക്കിസ്ഥാനികളെ നാടുകടത്തി സൗദി

**യുഎഇ:** വിസ ചട്ടം ലംഘിച്ച് രാജ്യത്ത് അനധികൃതമായി തങ്ങിയതിനും ഭിക്ഷയെടുത്തതിനും 56,000 പാക്കിസ്ഥാൻകാരെ നാടുകടത്തി സൗദി അറേബ്യ. സംഘടിത ഭിക്ഷാടനം, ക്രിമിനൽ പ്രവൃത്തികളിൽ ഏർപ്പെടൽ തുടങ്ങിയവയും ചൂണ്ടിക്കാട്ടിയാണ് നടപടിയെന്നത് പാക്കിസ്ഥാന് രാജ്യാന്തരതലത്തിൽ വൻ നാണക്കേടായി. ഭിക്ഷക്കാരെ തിരിച്ചയച്ചകാര്യം പാക്കിസ്ഥാൻ ഫെഡറൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി സ്ഥിരീകരിച്ചു. 2025ൽ ഇതുവരെ സൗദിയും യുഎഇയും ഉൾപ്പെടെ വിവിധ രാജ്യങ്ങൾ ആകെ 66,154 പാക്കിസ്ഥാനി ഭിക്ഷക്കാരെയാണ് തിരിച്ചയച്ചത്.


യുഎഇ ഇവർക്ക് വിസ വിലക്കും പ്രഖ്യാപിച്ചു. അനധികൃതമായി രാജ്യത്തു പ്രവേശിക്കുക, ഭിക്ഷയെടുക്കുക തുടങ്ങിയ കുറ്റങ്ങളാണ് വിവിധ രാജ്യങ്ങൾ പാക്കിസ്ഥാനികൾക്കെതിരെ ആരോപിക്കുന്നത്. 2025ൽ ഇതുവരെ സൗദി അറേബ്യ മാത്രം 24,000 പാക്കിസ്ഥാനി ഭിക്ഷാടകരെ നാടുകടത്തിയെന്ന് ഫെഡറൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഡയറക്ടർ ജനറൽ റിഫാത്ത് മുഖ്താർ പറഞ്ഞു.

യുഎഇ മടക്കി അയച്ചത് 6,000 പേരെ. അസർബൈജാൻ 2,500 പേരെയും തിരിച്ചയച്ചു. ഒമാൻ, ഇറാക്ക്, ഖത്തർ, മലേഷ്യ, തായ്‌ലൻഡ്, കംബോഡിയ, ചില യൂറോപ്യൻ രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങളും സമാനമായ നടപടി സ്വീകരിച്ചെന്ന് മുഖ്താർ സമ്മതിച്ചു.

തീർഥാടന വിസയിൽ രാജ്യത്തെത്തി തിരിച്ചുപോകാതെയും അനധികൃതമായി തങ്ങിയും പാക്കിസ്ഥാനികൾ ഭിക്ഷാടന രംഗത്തേക്കും ക്രിമിനൽ കുറ്റകൃത്യങ്ങളിലേക്കും കടക്കുകയാണെന്ന് സൗദി അറേബ്യ വ്യക്തമാക്കിയിരുന്നു. ഇത്തരത്തിൽ ഭിക്ഷക്കാരെ കയറ്റിവിടുന്നത് അവസാനിപ്പിക്കണമെന്ന് പാക്കിസ്ഥാന് സൗദി ശക്തമായ താക്കീതും നൽകിയിട്ടുണ്ട്. അനുസരിച്ചില്ലെങ്കിൽ പാക്കിസ്ഥാനിൽ നിന്നുള്ള ഹജ്ജ്, ഉംറ തീർഥാടനത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നും സൗദി മുന്നറിയിപ്പ് നൽകിയിരുന്നു.

പാക്കിസ്ഥാൻ ഭിക്ഷയെടുത്ത് ജീവിക്കുന്ന രാജ്യമായി മാറിക്കഴിഞ്ഞെന്ന് അടുത്തിടെ ഇന്ത്യയും പരിഹസിച്ചിരുന്നു. പാക്കിസ്ഥാനിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നും എൻജിനിയറിങ് പഠിച്ച പതിനായിരങ്ങൾ പോലും തൊഴിലില്ലാതെ പ്രയാസപ്പെടുകയാണെന്നും പാക്കിസ്ഥാനി സെനറ്റർ റാണാ മഹ്മുദുൽ ഹസൻ അഭിപ്രായപ്പെട്ടിരുന്നു. 'മനുഷ്യക്കടത്ത്' മാർഗത്തിലൂടെ പലരും വിദേശത്തേക്ക് പോകുന്നു. ഇവരിൽ പലരും ഭിക്ഷാടനത്തിലേക്കും കടക്കുന്നു. "ഇന്ത്യ ചന്ദ്രനിലെത്തി, നമ്മൾ ഓരോ ദിവസവും പ്രതിസന്ധിയിലേക്കും" എന്നും അദ്ദേഹം പറഞ്ഞിരുന്നു.

# ജനുവരി മുതൽ സിഎൻജിയുടെയും പിഎൻജിയുടെയും വില കുറയും




**ന്യൂഡൽഹി:** അടുത്ത വർഷം ജനുവരി മുതൽ കംപ്രസ്ഡ് നാചുറൽ ഗ്യാസിന്റെയും (സിഎൻജി) വീടുകളിലേക്ക് വിതരണം ചെയ്യുന്ന പൈപ്പ്ഡ് നാചറൽ ഗ്യാസിന്റെയും (പിഎൻജി) വില കുറയും. പെട്രോളിയം ആൻഡ് നാചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പിഎൻജിആർബി) ആണ് ഇക്കാര്യം സ്ഥിരീകരിച്ചിരിക്കുന്നത്.

പുതിയ താരിഫ് പ്രകാരം 2026 ജനുവരി മുതൽ സിഎൻജിയുടെയും പിഎൻജിയുടെ വില യൂണിറ്റിന് 23 രൂപ വീതം കുറയും. രാജ്യത്തുടനീളം ഇതു ബാധകമായിരിക്കും. എങ്കിലും സംസ്ഥാനങ്ങളുടെയും ബാധകമായ നികുതികളുടെയും അടിസ്ഥാനത്തിലായിരിക്കും വിലക്കുറവ് ലഭിക്കുക.

നികുതി ഘടന മൂന്നിൽ നിന്ന് രണ്ട് സോണുകളായി തിരിച്ചിട്ടുണ്ട്. സോൺ 1നുള്ള പുതുക്കിയ ഏകീകൃത നിരക്ക് 54 രൂപയാണ്. ഗതാഗതത്തിനായി സിഎൻജിയും പാചകത്തിനായി പിഎൻജിയും ഉപയോഗിക്കുന്നവർക്ക് ഇത് പ്രയോജനപ്പെടും.

# എലപ്പുള്ളി ബ്രൂവറി പ്ലാന്റിനുള്ള പ്രാഥമികാനുമതി ഹൈക്കോടതി റദ്ദാക്കി

**കൊച്ചി:** എലപ്പുള്ളി ബ്രൂവറിക്ക് സർക്കാർ നൽകിയ പ്രാഥമികാനുമതി ഹൈക്കോടതി റദ്ദാക്കി. വിശദമായ പഠനം നടത്താതെ പദ്ധതിയുമായി മുന്നോട്ട് പോകാനാവില്ലെന്ന് കോടതി പറഞ്ഞു. ബ്രൂവറി അനുവദിക്കണമെന്നായിരുന്നു സർക്കാരിന്റെ ആവശ്യം. എന്നാൽ, വിശദമായ പഠനം നടത്താതെ പ്രാഥമിക അനുമതി നൽകാനാവില്ലെന്ന് കോടതി പറഞ്ഞു, പാരിസ്ഥിതികാഘാത പഠനം നടത്തിയ ശേഷം തീരുമാനിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി. വിശദമായ പഠനം നടത്തിയ ശേഷം അനുമതി നൽകണോ വേണ്ടയോ എന്ന് സംബന്ധിച്ച് സർക്കാരിന് വീണ്ടും തീരുമാനിക്കാമെന്നും ഹൈക്കോടതി ഡിവിഷൻ ബഞ്ച് അറിയിച്ചു. ഒയാസിസ് കമ്പനിക്ക് നൽകിയ പ്രാഥമിക അനുമതിയാണ് ഇതോടെ റദ്ദായത്. മലിനീകരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ബ്രൂവറി ആരംഭിക്കുന്നതിനെതിരേ പ്രദേശവാസികൾ പ്രതിഷേധിച്ചിരുന്നു. പ്രതിപക്ഷവും പദ്ധതിക്കെതിരായിരുന്നു.

എന്നാൽ, എതിർപ്പുകൾ അവഗണിച്ച് സർക്കാർ പദ്ധതിയുമായി മുന്നോട്ട് പോവുകയായിരുന്നു. ഇതോടെ എലപ്പുള്ളി ബ്രൂവറി പ്ലാന്റിന് അനുമതി നൽകിയത് വിവാദമായിരുന്നു. 2008ലെ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിൻറെ പരിധിയിൽപ്പെട്ട സ്ഥലത്താണ് ബ്രൂവറി തുടങ്ങാൻ അനുമതി നൽകിയത്. മധ്യപ്രദേശ് ആസ്ഥാനമായ ഒയാസിസ് എന്ന കമ്പനിക്കാണ് യൂണിറ്റ് തുടങ്ങാൻ സർക്കാർ അനുമതി കൊടുത്തത്. ബ്രൂവറി തുടങ്ങുന്നത് കാർഷിക മേഖലക്ക് ഗുണം ചെയ്യുമെന്നായിരുന്നു സർക്കാർ വാദം.




# ബാങ്കിങ് മേഖലയിൽ സുപ്രധാന മാറ്റം; സീറോ ബാലൻസ് അക്കൗണ്ടുകൾക്ക് കൂടുതൽ സൗജന്യ സേവനങ്ങൾ

**ന്യൂഡൽഹി:** രാജ്യത്തെ ബാങ്കിങ് രംഗത്ത് സുപ്രധാന മാറ്റത്തിന് സാധ്യത. ജനുവരി ഒന്നു മുതൽ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾ, വായ്പകളുടെ വ്യവസ്ഥകൾ, സീറോ ബാലൻസ് അക്കൗണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ടവയിലാണ് മാറ്റങ്ങൾ വരുകയെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ചു.

ബാങ്കുകൾ ഡിജിറ്റൽ സേവനം ആരംഭിക്കുന്നതിനു മുൻപ് ഇനി മുതൽ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി നിർബന്ധമാണ്.

കൂടാതെ ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോക്താക്കളുടെ വ്യക്തവും രേഖാമൂലമുള്ളതുമായ സമ്മതം ബാങ്കുകൾ തേടിയിരിക്കണം.

സേവനങ്ങളുടെ നിബന്ധനകൾ, വ്യവസ്ഥകൾ, ചാർജുകൾ, പരാതി പരിഹാര മാർഗങ്ങൾ എന്നിവ ലളിതവും വ്യക്തവുമായ ഭാഷയിൽ ഉപയോക്താക്കളെ അറിയിക്കണമെന്നാണ് ആർബിഐ നിർദേശിച്ചിരിക്കുന്നത്.

എല്ലാ അക്കൗണ്ട് ഇടപാടുകൾക്കും എസ്എംഎസ് അല്ലെങ്കിൽ ഇമെയിൽ അലർട്ടുകൾ നിർബന്ധമാണ്. സീറോ ബാലൻസ് അക്കൗണ്ടുകൾക്ക് കൂടുതൽ സൗജന്യസേവനങ്ങൾ ലഭിക്കും. പരിധിയില്ലാത്ത പണം നിക്ഷേപം, സൗജന്യ എടിഎം അല്ലെങ്കിൽ ഡെബിറ്റ് കാർഡ്, ചെക്ക് ബുക്ക്, ഇൻറർനെറ്റ്മൊബൈൽ ബാങ്കിങ്, സൗജന്യ പാസ്ബുക്ക്, പ്രതിമാസ സ്റ്റേറ്റ്മെന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

# വികസന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കണം: മന്ത്രി റോഷി അഗസ്റ്റിൻ

**ചെറുതോണി:** ജില്ലയിൽ നടന്നു വരുന്ന കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ടിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. റോഡുകളുടെ അടക്കമുള്ള നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് കളക്ടർ മുഖാന്തരം സർക്കാരിന് ലഭ്യമാക്കണമെന്നും വകുപ്പ് മേധാവികളോട് മന്ത്രി നിർദേശിച്ചു.

സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി ജില്ലയിലെ അൺഫിറ്റ് ആയ എല്ലാ സ്കൂൾ കെട്ടിടങ്ങളുടേയും വാല്യുവേഷൻ പൂർത്തിയാക്കി ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് നിർദേശിച്ചു. കുട്ടികളുടെ സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലെന്ന് കളക്ടർ പറഞ്ഞു.

പ്രാഥമിക പരിശോധനയിൽ 43 സ്കൂൾ അനുബന്ധ കെട്ടിടങ്ങളാണ് അൺ ഫിറ്റാണ് എന്ന് അറിയിച്ചിരുന്നത്. വിശദ പരിശോധനയിൽ 24 കെട്ടിടങ്ങൾ മാത്രമേ അൺഫിറ്റായിട്ടുള്ളു എന്നും മറ്റുള്ളവ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ കഴിയുന്നതാണ് എന്നും കണ്ടെത്തിയിരുന്നു. അൺഫിറ്റായ കെട്ടിടങ്ങളിൽ 8 എണ്ണം എൽ.പി,യു.പി സ്കൂളുകളിലെ കെട്ടിടങ്ങളാണ്. അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കേണ്ട സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ഇടമലക്കുടിയിലെ നിർമ്മാണം പൂർത്തിയാക്കാത്ത 58 വീടുകളുടെ ബലക്ഷമത സംബന്ധിച്ചുള്ള പരിശോധന ജനുവരി ആദ്യ ആഴ്ച പൂർത്തിയാക്കി റിപ്പോർട്ട് ജനുവരി അഞ്ചിനകം സമർപ്പിക്കാൻ മൂന്നാർ ഡി.എഫ്.ഒയോട് കളക്ടർ നിർദേശിച്ചു. പട്ടികവർഗ വികസന വകുപ്പും സംയുക്തമായാണ് പരിശോധന നടത്തേണ്ടത്.

ഇടമലക്കുടിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള 3 കി.മീ റോഡ് അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് എ.രാജ എം.എൽ.എ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച നിർദേശം കരാറുകാരന് നൽകിയിട്ടുണ്ടെന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗം എക്സി. എഞ്ചിനീയർ അറിയിച്ചു.

ഓഫ് റോഡ് ജീപ്പ് സഫാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമെന്ന് കളക്ടർ പറഞ്ഞു. ജില്ലയിലെ ടൂറിസം പ്രവർത്തനങ്ങളെ മുഴുവൻ ഉൾപ്പെടുത്തിയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നുണ്ടെന്നും ഇത് നിലവിൽ വന്നാൽ സാഹസിക ടൂറിസം തുടങ്ങി എല്ലാ പ്രവർത്തനങ്ങൾക്കും വ്യക്തമായ മാർഗനിർദേശങ്ങൾ നിലവിൽ വരുമെന്ന് കളക്ടർ അറിയിച്ചു.

ജില്ലയിൽ ഇതുവരെ നിപ്പ വൈറസിന്റെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും വവ്വാലുകൾ കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങൾ വൺ ഹെൽത്ത് നോഡൽ ഓഫീസറുടെ കീഴിൽ നിലവിൽ മാപ്പ് ചെയ്തിട്ടുണ്ടെന്നും ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. പ്രസ്തുത വിവരങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, വനം വകുപ്പ്, എന്നിവരെ അറിയിച്ചിട്ടുണ്ട്. നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫോറസ്റ്റ് ചെക്ക്പോസ്റ്റുകൾ, ടൂറിസ്റ്റുകൾ കൂടുതലായി വരുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നിപ്പ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കും.

വന്യമൃഗ ശല്യം ഉള്ള സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ഇതിൽ വരുമാന വർദ്ധനവ് ഉറപ്പാക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, വനം വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസർ (ഐഎസ്എം) കെ.എഫ്.ആർ. ഐ മുതലായവരെയും മറ്റ് സമാന ഏജൻസികളെയും വിദഗ്ധരെയും ഉൾപ്പെടുത്തി ജനുവരി ആദ്യവാരം യോഗം ചേരും.

സ്ഥലം ലഭ്യമല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 61 അംഗനവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക യോഗം ജനുവരി എട്ടിന് ചേരാനും തീരുമാനിച്ചു.

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി.ജേക്കബ്, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി. ജ്യോതിമോൾ, വിവിധ വകുപ്പ് ധേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങളെ വരവേൽക്കാൻ രുചിക്കൂട്ടുകളുമായി കുടുംബശ്രീ ഭക്ഷ്യമേള

**കോഴിക്കോട്:** ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങളെ വരവേൽക്കാൻ ഭക്ഷ്യമേളയൊരുക്കി കുടുംബശ്രീ. കോഴിക്കോട് ബീച്ചിലെ ലയൺസ് പാർക്കിന് സമീപമാണ് കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ മേളയൊരുക്കിയത്.

മത്തൻ, ഇളവൻ, ചുരങ്ങ, കാരറ്റ്, പടവലം തുടങ്ങിയ അഞ്ച് പച്ചക്കറികൾ ഉപയോഗിച്ചുള്ള പഞ്ചരത്ന പായസം, പപ്പായകാരറ്റ് പായസം, ചിക്കൻ ഫ്രൈഡ് മോമോസ്, കൊട്ട ഷവർമ, കോഴിക്കോടൻ പലഹാരങ്ങൾ, രുചിയൂറും കപ്പ വിഭവങ്ങൾ, വിവിധയിനം ജ്യൂസുകൾ തുടങ്ങി വൈവിധ്യമാർന്ന വിഭവങ്ങളാണ് മേളയിൽ ഒരുക്കിയിട്ടുള്ളത്.

കുടുംബശ്രീ യൂണിറ്റുകളുടെ വിവിധ ഉൽപന്നങ്ങളുടെയും വസ്ത്രങ്ങളുടെയും കേക്കുകളുടെയും വിപണന സ്റ്റാളുകളും മേളയുടെ ഭാഗമായുണ്ട്. രാവിലെ 11 മുതൽ രാത്രി 10 വരെയാണ് പ്രവേശനം.

# സ്വീകരണം നൽകി കെ.വി.വി.ഇ.എസ്




കൊച്ചി കോർപ്പറേഷനിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ നൽകിയ സ്വീകരണം യൂണിറ്റ് പ്രസിഡന്റ് കെ. എ നാദിർഷ ഉദ്ഘാടനം ചെയ്യുന്നു. ജയ പീറ്റർ, സി.എസ് രാമചന്ദ്രൻ, ടി. കെ അഷറഫ്, എം.ജി അരിസ്റ്റോട്ടിൽ, കെ. സി. അനസ് തുടങ്ങിയവർ സമീപം

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) എറണാകുളം ജില്ലാ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സി.എസ് രാമചന്ദ്രൻ, കൊച്ചി കോർപ്പറേഷൻ 16,17 വാർഡുകളിൽ നിന്നും വിജയിച്ച എം.ജി അരിസ്റ്റോട്ടിൽ, ടി. കെ അഷറഫ് എന്നിവർക്ക് കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. കലൂർ വ്യാപാര ഭവനിൽ നടന്ന സമ്മേളനം യൂണിറ്റ് പ്രസിഡന്റ് കെ. എ നാദിർഷ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ജനറൽ സെക്രട്ടറി കെ. സി. അനസ്, വനിതാവിങ് ജില്ലാ പ്രസിഡന്റ് ജയപീറ്റർ, വൈസ് പ്രസിഡന്റ് വി. വി സ്റ്റീഫൻ, ട്രഷറർ സജി സ്റ്റാൻലി, യൂത്ത് വിംഗ് യൂണിറ്റ് പ്രസിഡന്റ് എസ്. എസ് സനോജ് , അലൻ, ശിഹാബ്, മരിയ ബാബു, ഷിബി നാദിർഷ തുടങ്ങിയവർ സംസാരിച്ചു.

## ട്യൂട്ടർ ജൂനിയർ റസിഡന്റ് നിയമനം

**മാനന്തവാടി:** ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വകുപ്പുകളിൽ ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എം.ബി.ബി.എസും ടി.സി.എം.സി അല്ലെങ്കിൽ സംസ്ഥാന മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന രേഖ എന്നിവയുടെ അസലുമായി ഡിസംബർ 30 ന് രാവിലെ 10.30 ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## തർക്കപരിഹാര പദ്ധതി ജനുവരി 2 മുതൽ

**മാനന്തവാടി:** കോടതികളിൽ കെട്ടികിടക്കുന്ന കേസുകൾക്ക് പരിഹാരം കണ്ടെത്താൻ സുപ്രീം കോടതിയുടെ നിർദേശ പ്രകാരം നടപ്പാക്കുന്ന മീഡിയേഷൻ ഫോർ ദി നേഷൻ 2.0 തർക്ക പരിഹാര പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ജനുവരി രണ്ടിന് ജില്ലയിൽ തുടക്കമാവും. സുപ്രീം കോടതിയുടെ മീഡിയേഷൻ ആൻഡ് കൺസിലിയേഷൻ പ്രൊജക്ട് കമ്മിറ്റിയും (എം.സി.പി.സി) സംസ്ഥാന മീഡിയേഷൻ ആൻഡ് കൺസിലിയേഷൻ സെന്ററും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ, മുൻസിഫ്, സബ് കോടതികൾ, കുടുംബ,താലൂക്ക് കോടതികൾ, ഗ്രാമന്യായാലയങ്ങൾ എന്നിവിടങ്ങളിലെ കേസുകൾ മധ്യസ്ഥത മുഖേന വേഗത്തിൽ ഒത്തുതീർപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം.

കൂടുതൽ വിവരങ്ങൾ ജില്ലാ കോടതികളിൽ പ്രവർത്തിക്കുന്ന ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലും, ജില്ലാ മീഡിയേഷൻ സെന്ററിലും ലഭിക്കും. ഫോൺ 04936 207800

## കെ-ടെറ്റ് സർട്ടിഫിക്കറ്റ് പരിശോധന 26, 27 തീയതികളിൽ

**കാഞ്ഞങ്ങാട്:** കാസർകോട് വിദ്യാഭ്യാസ ജില്ലയിലെ പരീക്ഷാ കേന്ദ്രങ്ങളിൽ 2025 ജൂൺ കെ- ടെറ്റ് പരീക്ഷയിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന ഡിസംബർ 26, 27 തീയതികളിൽ നടക്കും. കാറ്റഗറി I ആൻഡ് II 26 രാവിലെ പത്ത് മുതൽ വൈകുന്നേരം മൂന്ന് വരെ. കാറ്റഗറി III ആൻഡ് കാറ്റഗറി IV 27 രാവിലെ പത്ത് മുതൽ വൈകുന്നേരം മൂന്ന് വരെ. മൂൻ വർഷങ്ങളിൽ കെ-ടെറ്റ് പരീക്ഷ വിജയിച്ച് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തീകരിക്കാത്തവർക്കും സർട്ടിഫിക്കറ്റ് പരിശോധനയിൽ ഹാജരാകാം. അർഹരായവർ ഹാൾ ടിക്കറ്റ്, അസ്സൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, റിസൾട്ട് ഷീറ്റ് സഹിതം മാർക്ക് ഇളവ് ലഭിച്ചവർ ആയതിനുള്ള സർട്ടിഫിക്കറ്റും പകർപ്പുകളും സഹിതം കാസർകോട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഹാജരാകണം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ക്രിസ്മസ് കളറാക്കാൻ അലങ്കാരവസ്തുക്കൾ; വിപണിയിൽ വൻതിരക്ക്

**തൃശൂർ:** മഞ്ഞുകാലം മനസിൽ കൂടുകൂട്ടിത്തുടങ്ങിയതോടെ നാടും നഗരവും ക്രിസ്മസ് മൂഡിലേക്ക്. പുൽക്കൂട് ഒരുക്കാനും ട്രീകൾ സജ്ജീകരിക്കാനും കരോൾ സംഘങ്ങളെ വരവേൽക്കാനും നാടൊരുങ്ങുമ്പോൾ, വിപണികളിൽ അലങ്കാരവസ്തുക്കളുടെ വൻശേഖരമാണ് ഇടംപിടിച്ചിരിക്കുന്നത്. ക്രിസ്മസ് കളറാക്കാൻ തൃശൂരിന്റെ തെരുവോരങ്ങളിൽ അലങ്കാരവസ്തുക്കൾ വാങ്ങാൻ വൻതിരക്കാണ്.

ചൈനീസ് ഉത്പന്നങ്ങൾ വിപണി കീഴടക്കുമ്പോഴും ഇത്തവണത്തെ പ്രധാന ആകർഷണം ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ ഹാൻഡ് മെയ്ഡ് ഉത്പന്നങ്ങളാണ്. ബീഹാർ, യുപി തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള കലാകാരന്മാർ തദ്ദേശീയമായി നിർമിച്ചെടുത്ത നക്ഷത്രങ്ങളും കരകൗശലവസ്തുക്കളും വിപണിയെ കൂടുതൽ സജീവമാക്കുന്നു. മെഷീൻ ഉത്പന്നങ്ങളെക്കാൾ ഈ കൈവേലകൾക്ക് ആവശ്യക്കാർ ഏറുന്നതാണ് ഇത്തവണത്തെ പ്രത്യേകത.

കുരുന്നുകളുടെ പ്രിയപ്പെട്ട ബലൂണുകൾ മുതൽ ആയിരങ്ങൾ വിലവരുന്ന ഭീമൻ ട്രീകൾ വരെ വിപണിയിലുണ്ട്. സാധാരണക്കാർക്കു പ്രിയം അഞ്ചുരൂപ മുതൽ ലഭ്യമാകുന്ന കുഞ്ഞൻ ഐറ്റങ്ങളോടാണ്. അഞ്ചുരൂപയുടെ ബലൂണുകളും ബോളുകളും പത്തുരൂപ മുതൽ ലഭിക്കുന്ന നക്ഷത്രങ്ങൾ, ക്രിസ്മസ് പാപ്പമാർ, പൂക്കൾ, അലങ്കാരച്ചെണ്ടുകൾ എന്നിവ വിപണിയിൽ നിരന്നുകഴിഞ്ഞു. 15 രൂപ മുതൽ ചെറികളും അലങ്കാരതോരണങ്ങളും 40 രൂപ മുതൽ പല വലിപ്പത്തിലുള്ള ക്രിസ്മസ് ട്രീകളും ലഭ്യമാണ്.

മുൻ വർഷങ്ങളെക്കാൾ ആഘോഷങ്ങൾ ഇത്തവണ അധികമാണെന്നും ആവശ്യക്കാർ നിരവധി എത്തുന്നുണ്ടെന്നും വ്യാപാരികൾ. പല സ്റ്റോക്കുകളും ദിവസങ്ങൾക്കുള്ളിൽ തീർന്നുപോകുന്ന അവസ്ഥയാണ്. വരുംദിവസങ്ങളിൽ കച്ചവടം ഇനിയും വർധിക്കുമെന്ന പ്രതീക്ഷയിലാണ് വ്യാപാരികൾ. വർണവൈവിധ്യങ്ങളാൽ സമ്പന്നമായ വിപണി തൃശൂർ നഗരത്തിന് ഇപ്പോൾതന്നെ ഒരു ആഘോഷ ആവേശപ്രതീതി പകർന്നുകഴിഞ്ഞു.



# രാസവളങ്ങൾ കിട്ടാനില്ല; കർഷകർ ആശങ്കയിൽ

**നെന്മാറ:** രണ്ടാംവിളയിറക്കിയ നെൽപ്പാടങ്ങളിൽ വളം ചേർക്കാൻ രാസവളങ്ങൾ കിട്ടാനില്ല. യൂറിയക്കാണ് ഏറ്റവും കൂടുതൽ ക്ഷാമം അനുഭവപ്പെടുന്നത്. കാർഷിക സഹകരണ സംഘങ്ങളിൽ രാസവളങ്ങൾ സ്റ്റോക്ക് ഇല്ലാതായതോടെയാണ് ക്ഷാമം രൂക്ഷമായത്.

ചില സ്വകാര്യവളം വ്യാപാരികളിൽ നിന്ന് മാത്രമാണ് ചെറിയതോതിൽ യൂറിയ ലഭിക്കുന്നത്. കർഷകർക്ക് സ്വയം അടിസ്ഥാന വളങ്ങളായ എൻപികെ തയ്യാറാക്കാൻ നിശ്ചിത അളവിൽ യൂറിയ, പൊട്ടാഷ്, ഫോസ്ഫേറ്റ് എന്നിവ ആവശ്യമാണ്. യൂറിയ, പൊട്ടാഷ് എന്നിവ ഇനി എന്നു വരുമെന്നുപോലും സഹകരണ സംഘങ്ങൾക്ക് പറയാൻ കഴിയുന്നില്ല. നടീൽ കഴിഞ്ഞു 30 ദിവസങ്ങൾക്കകം അടിവളവും 60 ദിവസങ്ങൾക്കകം രണ്ടാംവളവും നൽകേണ്ടതാണ്.

യഥാസമയം ഇവ നൽകിയില്ലെങ്കിൽ നെൽച്ചെടികളുടെ വളർച്ചയും ഉത്പാദനക്ഷമതയും കുറയുമെന്ന് കർഷകർ പറയുന്നു. രാസവളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വളം ലഭ്യമാക്കാൻ കൃഷിവകുപ്പും നടപടി സ്വീകരിക്കണമെന്ന് കർഷകർ പറയുന്നു. മേഖലയുടെ നെൽകൃഷിയുടെ ആവശ്യകത മുൻകൂട്ടി കണ്ട് രാസവളങ്ങളുടെ സ്റ്റോക്ക് ലഭ്യമാക്കി വയ്ക്കുന്നതിൽ സഹകരണ സംഘങ്ങളും വീഴ്ചവരുത്തി എന്നാണ് കർഷകരുടെ ആക്ഷേപം. അയിലൂർ സർവീസ് സഹകരണ ബാങ്കിൽ യൂറിയ, പൊട്ടാഷ് സ്റ്റോക്ക് തീർന്നിട്ട് ഒരു മാസത്തിലേറെയായി. നേർവളങ്ങൾ ലഭ്യമല്ലാത്തതിനാൽ സ്വകാര്യ കൂട്ടുവള കമ്പനികൾ വിപണിയിൽ ഇറക്കുന്ന കൂട്ടുവളങ്ങൾ അമിതവില കൊടുത്ത് വാങ്ങി വളപ്രയോഗം നടത്തുകയാണ് കർഷകർ.

## ഋത്വിക് ഘട്ടക് ജൻമശതാബ്ദി നേതി ചലച്ചിത്രമേള പ്രദർശനം 23ന്

**കൽപ്പറ്റ:** വ്യഖ്യാത ചലച്ചിത്രകാരൻ ഋത്വിക് ഘട്ടക് ജൻമ ശതാബ്ദിയോടനുബന്ധിച്ച് കൽപ്പറ്റ നേതി ഫിലിം സൊസൈറ്റി ചലച്ചിത്രോത്സവം നടത്തുന്നു. 21 മുതൽ 23 വരെ പിണങ്ങോട് ജംഗ്ഷനിലെ ട്രിഡന്റ് ആർക്കേഡ് ഹാളിലാണ് ഋത്വിക് ഘട്ടക് ചിത്രങ്ങൾ പ്രദർശിപ്പിക്കുക.

21ന് വൈകുന്നേരം 5.30 ന് അജാന്ത്രിക്, 22ന് 5.30ന് കോമൾഗാന്ധാർ, എട്ടിന് മേഘ ദാക്ക ധാര എന്നീ ചലച്ചിത്രങ്ങൾ മലയാളം സബ് ടൈറ്റിലോടു കൂടി പ്രദർശിപ്പിക്കും. പത്മശ്രീ പുരസ്കാര ജേതാവായ പാരമ്പര്യ നെൽവിത്ത് സംരക്ഷകൻ ചെറുവയൽ രാമന്റെ ജീവിതത്തെ ആസ്പദമാക്കി നിർമിച്ച 'നെകൽ' ഡോക്യുമെന്ററി പ്രദർശനം 23ന് വൈകുന്നേരം 4.30 ന് കൽപ്പറ്റ ട്രിഡന്റ് ആർക്കേഡിൽ നടക്കും.

നേതി ഫിലിം സൊസൈറ്റിയും പശ്ചിമഘട്ട സംരക്ഷണ സമിതിയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ദേശീയ പുരസ്കാര നോൺ ഫിക്ഷൻ വിഭാഗത്തിൽ പ്രത്യേക പരാമർശം ലഭിച്ച നെകൽ സംവിധായകൻ എം.കെ. രാമദാസിനെ ചടങ്ങിൽ ആദരിക്കുകയും ചെയ്യും.

## അങ്കമാലി ബൈപാസുമായി ബന്ധിപ്പിച്ച് കോട്ടയം– കൊച്ചി ദേശീയപാത ഇടനാഴി

**കോട്ടയം:** കോട്ടയം- കൊച്ചി ദേശീയപാത ഇടനാഴിക്കുള്ള പഠനം കേന്ദ്ര ഗതാഗത മന്ത്രാലയം നേരിട്ടു നടത്തും. കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി കെ.ഫ്രാൻസിസ് ജോർജ് എം.പി നടത്തിയ ചർച്ചയിലാണ് തീരുമാനം അറിയിച്ചത്. ദേശീയപാത 183നെയും ദേശീയപാത 66നെയും ബന്ധിപ്പിച്ചാണ് ഈ റോഡ് വിഭാവനം ചെയ്യുന്നത്. രണ്ടു ദേശീയപാതകളെ ബന്ധിപ്പിക്കുന്ന റോഡാണ് ഇടനാഴി എന്നറിയപ്പെടുന്നത്.

ദേശീയപാത 183ൽ കോട്ടയം മുളങ്കുഴ ജംക്ഷനിൽനിന്ന് ആരംഭിക്കുന്ന ഇടനാഴി തൃപ്പൂണിത്തുറയിൽ അങ്കമാലി- കുണ്ടന്നൂർ ബൈപാസിൽ അവസാനിക്കുന്ന വിധമാണ് നിർദേശിക്കപ്പെടുന്നത്. 60 കിലോമീറ്ററാണ് നീളം. കോട്ടയം- കാഞ്ഞിരം- കുമരകം- കവണാറ്റിൻകര- കൈപ്പുഴമുട്ട്- തലയാഴം- വല്ലകം- കാട്ടിക്കുന്ന്- പൂത്തോട്ട- നടക്കാവ് വഴി തൃപ്പൂണിത്തുറയിലേക്ക് പൂർണമായും പുതിയ റോഡാണ് നിർദേശിച്ചിരിക്കുന്നത്.

ഇതിൽ പാടശേഖരങ്ങളിലും മറ്റു തണ്ണീർത്തടങ്ങളിലും ഉയരപ്പാതയാണ് നിർമിക്കുക. കോട്ടയം, ഇടുക്കി, ആലപ്പുഴ പത്തനംതിട്ട ജില്ലകൾക്കു പ്രയോജനപ്പെടുന്ന റോഡ് മധ്യകേരളത്തിലെ ഗതാഗത, വ്യാപാര, വ്യവസായ മേഖലയ്ക്കും സഹായമാകും. കോട്ടയത്തുനിന്ന് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലേക്ക് വേഗത്തിലെത്താനും സഹായിക്കും. കേന്ദ്ര സംഘം ഉടൻ തന്നെ പഠനം ആരംഭിക്കുമെന്നും എംപി അറിയിച്ചു.

കോട്ടയത്തിന് പുതുവർഷ സമ്മാനമായി ദേശീയപാത 183ന്റെ നവീകരണത്തിനായുള്ള പഠനവും ആരംഭിക്കും. ദേശീയപാത 183ന്റെ ചെങ്ങന്നൂർ- മുണ്ടക്കയം റീച്ച് നവീകരിക്കുന്നതിനു പുതിയ കൺസൽറ്റൻസിയെ നിയോഗിച്ചു. ജനുവരിയിൽ പുതിയ ഏജൻസി പഠനം ആരംഭിക്കും. ചെങ്ങന്നൂർ- കോട്ടയം ഐഡ ജംക്ഷൻ, ഐഡ ജംക്ഷൻ- ചെങ്കൽപ്പള്ളി, ചെങ്കൽപ്പള്ളി- മുണ്ടക്കയം എന്നിങ്ങനെ 3 റീച്ചായി 100 കിലോമീറ്റർ ദൂരം നവീകരിക്കുന്നതിനുള്ള പഠനമാണ് നടത്തുന്നത്. കൃത്യസമയത്തു പഠനം പൂർത്തിയാക്കിയില്ലെന്നു ചൂണ്ടിക്കാട്ടി നാഷനൽ ഹൈവേ അതോറിറ്റി നേരത്തെ നിയോഗിച്ച ഏജൻസിയെ പുറത്താക്കിയിരുന്നു. തുടർന്നാണ് പുതിയ ഏജൻസിക്കായി കരാർ ക്ഷണിച്ചത്. ഒരു ഏജൻസി മാത്രമാണ് ടെൻഡർ നൽകിയത്. ഈ ഏജൻസിയെ ഉറപ്പിക്കുകയായിരുന്നു.

കോട്ടയം-മുളങ്കുഴയിൽനിന്ന് പാമ്പാടി മണ്ണാത്തിപ്പാറ വരെയുള്ള നിർദിഷ്ട ബൈപാസ് അടക്കം വീണ്ടും പഠനവിധേയമാക്കും. പുതിയ കൺസൽറ്റൻസി നടത്തുന്ന പഠനം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അനിശ്ചിതമായി നീണ്ടുപോകില്ലെന്നും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഉറപ്പു നൽകിയതായി ഫ്രാൻസിസ് ജോർജ് പറഞ്ഞു.

## മിനി ജോബ് ഡ്രൈവ് 27 ന്


**കാസർകോട്:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും സംയുക്തമായി ഡിസംബർ 27ന് മിനി ജോബ് ഡ്രൈവ് സംഘടിപ്പിക്കുന്നു. പാലക്കുന്ന് അംബിക ഇംഗ്ലീഷ് മീഡിയം സ്കൂളിൽ രാവിലെ 9.30 മുതൽ ആരംഭിക്കുന്ന ജോബ് ഡ്രൈവിൽ, ഹോസ്പിറ്റാലിറ്റി, ഐ.ടി, അക്കൗണ്ട്സ്, ഹെൽത്ത് കെയർ, ടെക്സ്റ്റൈൽ, ഇൻഷുറൻസ്, ഓട്ടോ മൊബൈൽ, ഫുഡ് ഇൻഡസ്ടറി റീട്ടെയിൽ തുടങ്ങി വിവിധ മേഖലകളി ൽ പ്രവർത്തിക്കുന്ന 15 ലധികം സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. 600ൽ അധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പങ്കെടുക്കുന്നതിനായി ലിങ്കിൽ രജിസ്റ്റർ ചെയ്യണം. https://lintkr.ee/employabiltiycetnreksd. ഫോൺ 9207155700.



# ക്രിസ്മസ്,പുതുവത്സര വിപണി കീഴടക്കാൻ ഖാദി വസ്ത്രങ്ങൾക്ക് വമ്പൻ വിലക്കിഴിവ്

**കൊല്ലം:** ക്രിസ്മസ്,പുതുവത്സര വിപണി കീഴടക്കാൻ 'എനിക്കും വേണം ഖാദി' എന്ന സന്ദേശവുമായി നവീന ഫാഷനിലുള്ള ഖാദി വസ്ത്രങ്ങളും, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുമായി ഖാദി ബോർഡ്. യുവതയെ ആകർഷിക്കാൻ ഇത്തവണ ഡിസൈനർ വസ്ത്രങ്ങൾ കൂടി അവതരിപ്പിക്കുന്നു. ഭാഗ്യശ്രീ ഖാദി ഫാഷൻ സൊസൈറ്റിയുമായി ചേർന്നാണ് ഡിസൈനർ വസ്ത്രങ്ങൾ പരിചയപ്പെടുത്തുന്നത്. കൊല്ലം നെയ്ത്ത് കേന്ദ്രങ്ങളും നെടുമ്പന റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റും ചേർന്ന് ഉൽപാദിപ്പിച്ച വസ്ത്രങ്ങളാണ് എത്തിച്ചിരിക്കുന്നത്. ജില്ലയിൽ ഖാദി ബോർഡിന്റെ കീഴിലുള്ള കൊട്ടാരക്കര, കർബല എന്നീ ഗ്രാമസൗഭാഗ്യകളിലൂടെ വിൽപ്പന നടത്തും. കരുനാഗപ്പള്ളി മുൻസിപ്പൽ കോംപ്ലക്സിൽ പ്രത്യേക മേളകൾ സംഘടിപ്പിക്കും. ചൂടിനെ എളുപ്പത്തിൽ പ്രതിരോധിക്കാൻ സാധിക്കുമെന്നതാണ് ഖാദി വസ്ത്രങ്ങളുടെ പ്രത്യേകത. മേളയുടെ ഭാഗമായി എല്ലാ വിൽപ്പനശാലകളിലും ഖാദി കോട്ടൻ, പ്രിന്റഡ് സിൽക്ക്, മനില ഷർട്ടിങ്, ടസർ സിൽക്ക്, റെഡിമെയ്ഡ് ഷർട്ടുകൾ, ധോത്തികൾ, നവീന രീതിയിൽ ഡിസൈൻ ചെയ്ത ചുരിദാർടോപ്പുകൾ, കുർത്തികൾ, എന്നീ തുണിത്തരങ്ങളും പഞ്ഞികിടക്കകൾ, തലയിണകൾ, ബെഡ്ഷീറ്റുകൾ, കാർപെറ്റുകൾ, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളായ തേൻ,എള്ളെണ്ണ,ചന്ദന തൈലം, സൗന്ദര്യവർദ്ധക വസ്തുക്കൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയും ലഭ്യമാണ്.

ജില്ലാ ഖാദി ക്രിസ്മസ്,പുതുവത്സര മേള ജനുവരി രണ്ട് വരെ നടക്കും. ഖാദി വസ്ത്രങ്ങൾ 30% വരെ മേളയിൽ റിബേറ്റ് ലഭിക്കും. സർക്കാർ, അർധ സർക്കാർ, ബാങ്ക് ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവുമുണ്ട്. 1000 രൂപ മുതലുള്ള ലീഡർ ഷർട്ടുകളും 700 രൂപ മുതലുള്ള ലേഡീസ് ടോപ്പുകളും 1500 മുതലുള്ള ഡിസൈനർ വസ്ത്രങ്ങളും ലഭ്യമാണ്.




# സർക്കാരിന് 79.82 കോടി രൂപ ലാഭവിഹിതം കൈമാറി സിയാൽ

**കൊച്ചി:** 2024-25 സാമ്പത്തിക വർഷത്തെ മൊത്ത ലാഭവിഹിതമായ 79.82 കോടി രൂപ സിയാൽ സർക്കാരിന് കൈമാറി. സിയാൽ ഡയറക്ടർമാരായ മന്ത്രി പി. രാജീവ്, മന്ത്രി കെ. രാജൻ എന്നിവർ ചേർന്നാണ് മുഖ്യമന്ത്രി പിണറായി വിജയന് ചെക്ക് കൈമാറിയത്. ചടങ്ങിൽ സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് , കമ്പനി സെക്രട്ടറി സജി കെ. ജോർജ് എന്നിവരും പങ്കെടുത്തു. സിയാലിന്റെ ചരിത്രത്തിൽ തന്നെ ഏറ്റവും ഉയർന്ന വരുമാനവും ലാഭവും രേഖപ്പെടുത്തിയ വർഷമാണിത്. കമ്പനിയുടെ മൊത്ത വരുമാനം 1,142 കോടി രൂപയും ലാഭം 489.84 കോടി രൂപയുമാണ്. നിക്ഷേപകർക്കായി ഡയറക്ടർ ബോർഡ് ശുപാർശ ചെയ്ത 50 ശതമാനം ലാഭവിഹിതം 2025 സെപ്റ്റംബർ 27ന് നടന്ന വാർഷിക പൊതുയോഗം അംഗീകരിച്ചു.

25 രാജ്യങ്ങളിൽ നിന്നായി 33,000 നിക്ഷേപകരാണ് സിയാലിനുള്ളത്. ഇതിൽ ഏറ്റവും വലിയ നിക്ഷേപകനായ സംസ്ഥാന സർക്കാരിന് 33.38 ശതമാനം ഓഹരി പങ്കാളിത്തമുണ്ട്.



## സത്യജിത് റേ ഗോൾഡൻ ആർക് ഫിലിം അവാർഡ് ബ്രോഷർ പ്രകാശനം

**തിരുവനന്തപുരം:** സത്യജിത് റേ ഫിലിം സൊസൈറ്റിയുടെ പതിനൊന്നാമത് സത്യജിത് റേഗോൾഡൻ ആർക് ഫിലിം അവാർഡിന്റെ ബ്രോഷർ ഐ.എഫ്.എഫ്.കെ ഫെസ്റ്റിവൽ ഓഫീസിൽ വെച്ച് കേരള ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ കുക്കു പരമേശ്വരൻ, ഫെഫ്ക ഡയറക്ടേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി ജി.എസ് വിജയന് നൽകി പ്രകാശനം ചെയ്തു. ജൂറി അംഗങ്ങളായ ബാലുകിരിയത്ത്, തുളസിദാസ്, ഉദയൻ അമ്പാടി, സൊസൈറ്റിയുടെ ചെയർമാൻ സജിൻ ലാൽ ഒപ്പം അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

## സിഗ്നിഫൈയുടെ ഹർ ഗാവ് റോശൻ സി.എസ്.ആർ പദ്ധതി

**ഡൽഹി:** ലൈറ്റിംഗ് മേഖലയിലെ ആഗോള മുൻനിര സ്ഥാപനമായ സിഗ്നിഫൈ, '#ബറൈറ്റർ ലൈവ്സ് ബെറ്റർ വേൾഡ്' ഭാഗമായി ഛത്തീസ്ഗഢിൽ പ്രധാന സി.എസ്.ആർ. പദ്ധതിയായ 'ഹർ ഗാവ് റോശൻ' ആരംഭിച്ചു. പദ്ധതിയുടെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർവഹിച്ചു. ഛത്തീസ്ഗഢ് സംസ്ഥാന സർക്കാരിന്റെയും ഭാരത് കെയർസിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി, ഇന്ദ്രാവതി ടൈഗർ റിസർവ് പ്രദേശത്തെ 70 ഗ്രാമങ്ങളിൽ ഊർജക്ഷമമായ എൽഇഡി തെരുവ് വിളക്കുകൾ സ്ഥാപിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനവും വികസിത് ഭാരത് ലക്ഷ്യവും മുൻനിർത്തി, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനും സമൂഹ സുരക്ഷ വർധിപ്പിക്കാനും പ്രാദേശിക സാമ്പത്തിക വളർച്ചക്ക് പിന്തുണ നൽകാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## എ.ബി.സി ക്രിസ്മസ് ക്യാമ്പയിൻ പ്രഖ്യാപിച്ചു

**കൊച്ചി:** ക്രിസ്മസ് ആഘോഷം ആൽമണ്ട്സിന്റെ പോഷകഗുണങ്ങൾക്കൊപ്പം ആഘോഷിക്കുക എന്ന സന്ദേശമുയർത്തി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ പുതിയ ക്യാമ്പയിന് തുടക്കമിട്ടു. ക്രിസ്മസ് സമ്മാനങ്ങൾ നൽകുന്ന വേളയിൽ, ഒരു മികച്ച തിരഞ്ഞെടുപ്പായിരിക്കും കാലിഫോർണിയ ആൽമണ്ട്സെന്ന് ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. പ്രത്യേകം തയ്യാറാക്കിയ സമ്മാനപ്പൊതികളും, വീട്ടിലുണ്ടാക്കിയ ബദാം വിഭവങ്ങളും സ്നേഹവും ആഘോഷവും പങ്കുവയ്ക്കുന്നതിനൊപ്പം ആരോഗ്യവും സന്തോഷവും പകരാനുള്ള ഒരു മാർഗം കൂടി സൃഷ്ടിക്കും. വൈവിധ്യമാർന്ന ഉപയോഗമാണ് ബദാമിന്റെ ഏറ്റവും വലിയ പ്രത്യേകത. സ്പൈസ്ഡ് ഫ്രൂട്ട് കേക്കുകൾ, കുക്കീസ് എന്നിവ മുതൽ പരമ്പരാഗത ഇന്ത്യൻ മധുരപലഹാരങ്ങളിലും ബേക്ക് ചെയ്ത പലഹാരങ്ങളിലും വരെ എളുപ്പത്തിൽ ബദാം ഉൾപ്പെടുത്താം. ഇന്ത്യയിൽ കൂടുതൽ കുടുംബങ്ങൾ ആരോഗ്യകരമായ ഭക്ഷണരീതികൾ പിന്തുടരുന്നതിനാൽ, തിരക്കേറിയ ഡിസംബർ ദിവസങ്ങളിൽ പോഷകസമൃദ്ധമായ തുടക്കം നൽകാൻ പ്രഭാതഭക്ഷണത്തിലും കാലിഫോർണിയ ആൽമണ്ട്സ് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നും ക്യാമ്പയിൻ പറയുന്നു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡ് തെങ്ങ് കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികവ് പുലർത്തന്നവരെ അംഗീകരിക്കുന്നതിനായി രണ്ടു വർഷത്തിലൊരിക്കൽ നൽകി വരുന്ന ദേശീയ അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ്

എന്നിങ്ങനെ ആറു വിഭാഗങ്ങളിലായാണ് അവാർഡ് നൽകുക. നാളികേര കൃഷിയുടെയും വ്യവസായത്തിന്റയും മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന പ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത് https://coconutboard.gov.in/CDBNationalAward_2022-24.htm എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.



# നാസ സ്പേസ് ആപ്സ് ചലഞ്ച്: സംഘാടകരായി യുണീക്ക് വേൾഡ് റോബോട്ടിക്സ്

**കൊച്ചി:** കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എഡ്യൂക്കേഷൻ ടെക്നോളജി സ്റ്റാർട്ടപ്പായ യുണീക്ക് വേൾഡ് റോബോട്ടിക്സ് നാസ സ്പേസ് ആപ്സ് ചലഞ്ച് 2025ന്റെ ആഗോളതലത്തിലെ ഏറ്റവും വലിയ സംഘാടകരായി. ബഹിരാകാശഭൗമ ശാസ്ത്ര നൂതനാശയങ്ങൾക്കായുള്ള ലോകത്തിലെ ഏറ്റവും വലിയ ഹാക്കത്തോണാണ് നാസ സ്പേസ് ആപ്സ് ചലഞ്ച്. കേരള സ്റ്റാർട്ടപ്പ് മിഷനിൽ (കെഎസ് യുഎം) രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പാണ് യുഡബ്ല്യുആർ.

ഈ വർഷം ഇന്ത്യ, യുഎഇ, യൂറോപ്പ് എന്നിവിടങ്ങളിലായി 22 പ്രാദേശിക ഇവന്റുകളാണ് യുഡബ്ല്യുആർ സംഘടിപ്പിച്ചത്. ഇതിൽ ഇന്ത്യയിൽ നടന്ന 16 പരിപാടികളിൽ കേരളത്തിലെ എട്ടെണ്ണവും ഉൾപ്പെടുന്നു. യുഡബ്ല്യുആർ സംഘടിപ്പിച്ച കേന്ദ്രങ്ങളിൽ നിന്ന് മാത്രം 15,308 രജിസ്ട്രേഷനുകളും 2,276 ടീമുകളും 1,200ലധികം പ്രോജക്റ്റുകളും സമർപ്പിച്ചു. ആഗോളതലത്തിൽ ആകെ 1,14,094 രജിസ്ട്രേഷനുകളും 16,860 ടീമുകളും ഉണ്ടായപ്പോൾ, അതിൽ 13.42 ശതമാനം രജിസ്ട്രേഷനുകളും 13.5 ശതമാനം ടീമുകളും യുഡബ്ല്യുആർ വഴിയാണെന്നത് ശ്രദ്ധേയമായ നേട്ടമാണെന്ന് കമ്പനി സ്ഥാപകൻ ബാൻസൺ തോമസ് ജോർജ്ജ് പറഞ്ഞു. സ്റ്റോറിടെല്ലിംഗ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ആസ്ട്രോഫിസിക്സ്, കൃഷി, ബഹിരാകാശ പര്യവേഷണം തുടങ്ങിയ വിവിധ മേഖലകളിലായിരുന്നു മത്സരങ്ങൾ.

ചരിത്രത്തിലാദ്യമായി, ലോകമെമ്പാടുമുള്ള 16,860 ടീമുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മികച്ച 45 ഗ്ലോബൽ ഫൈനലിസ്റ്റുകളിൽ കേരളത്തിൽ നിന്നുള്ള രണ്ട് ടീമുകൾ ഇടംനേടി. കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ അഞ്ച് രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളടങ്ങുന്ന 'ടീം മെറ്റിയോർ റിസ്ലേഴ്സ്', കാഞ്ഞിരപ്പള്ളിയിൽ നടന്ന മത്സരത്തിൽ പങ്കെടുത്ത പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ ആറ് വിദ്യാർത്ഥികളടങ്ങുന്ന ടീം സെലസ്റ്റ എന്നിവയാണ് ഈ നേട്ടം കൈവരിച്ചത്.കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം), കെസ്പേസ്, കേരള സ്പേസ് പാർക്ക്, ഐഐഡിസി, അസാപ്, കെഎസ് സിഎസ്ടിഇ, കെഡിസ്ക്, ആസ്ട്രോ കേരള, മ്യൂലേൺ, ആൽഗോൺ,എഡിസി തുടങ്ങിയ പ്രമുഖ സർക്കാർ, സ്വകാര്യ പങ്കാളികളുമായി സഹകരിച്ചാണ് 2025 പതിപ്പ് സംഘടിപ്പിച്ചത്. കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, ട്രിവാൻഡ്രം ഡിസി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, തൃശൂർ ജ്യോതി എൻജിനീയറിങ് കോളേജ്, കണ്ണൂർ യൂണിവേഴ്സിറ്റി, കോയമ്പത്തൂർ എസ്എൻഎസ് കോളേജ് ഓഫ് ടെക്നോളജി തുടങ്ങിയവയായിരുന്നു പ്രധാന വേദികൾ.

കൗതുകത്തെ അവസരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് യുണീക്ക് വേൾഡ് റോബോട്ടിക്സ് ആരംഭിച്ചതെന്ന് ബാൻസൺ തോമസ് ജോർജ്ജ് ചൂണ്ടിക്കാട്ടി. പ്രാദേശിക പ്രതിഭകളെ അന്താരാഷ്ട്ര ബഹിരാകാശ മേഖലയുമായി ബന്ധിപ്പിക്കുന്നതിനാണ് നാസ സ്പേസ് ആപ്സ് ചലഞ്ച് കേരളത്തിലെത്തിച്ചത്. ഈ പദ്ധതിയിൽ 2022ൽ 150ൽ താഴെ പങ്കാളികൾ മാത്രമാണ് കേരളത്തിൽ നിന്നുണ്ടായിരുന്നത്. ഇന്ന് ആഗോള പങ്കാളിത്തത്തിന്റെ 13 ശതമാനത്തിലധികം കേരളത്തിൽ നിന്നാണെന്നത് അഭിമാനകരമാണ്. ഓരോ വർഷവും 10,000ത്തിലധികം പേർ ഈ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. വരുംതലമുറയെ ആഗോള ബഹിരാകാശ ആവാസവ്യവസ്ഥയുമായി ആത്മവിശ്വാസത്തോടെ ഇടപെടാൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തിന് ഈ നേട്ടം ഊർജ്ജം പകരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇ-മാലിന്യത്തിനെതിരെ ക്യാമ്പയിനുമായി ഗോദ്റെജ്

**കൊച്ചി:** ഇ-മാലിന്യങ്ങൾ സംബന്ധിച്ച് വേഗത്തിൽ വളർന്നു കൊണ്ടിരിക്കുന്ന ആശങ്കകൾക്കിടെ ഇതിനെ നേരിടുന്നതിനായി ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ അപ്ലയൻസസ് ബിസിനസ് ബോധവൽക്കരണ ക്യാമ്പയിനുമായി ഇന്ത്യ വേഴ്സസ് ഇ വെയ്സ്റ്റ് ഇനീഷിയേറ്റീവ് എന്ന പരിപാടി വിപുലമാക്കുന്നു. ഇ-മാലിന്യങ്ങളാണ് നാം കഴിക്കുന്നത്, അതു പാടില്ല എന്ന പ്രമേയവുമായാണ് ഈ ക്യാമ്പയിൻ.

കുറഞ്ഞ തോതിൽ മാത്രം അവബോധമുള്ളതും ആശങ്കപ്പെടുത്തുന്ന വിധത്തിലെ യാഥാർത്ഥ്യവുമായ ഈ വിഷയത്തെക്കുറിച്ചുള്ള വെളിച്ചം വീശുന്നതാണ് ഈ നീക്കം. അലക്ഷ്യമായി കൈകാര്യം ചെയ്യപ്പെടുന്ന ഇ മാലിന്യം മണ്ണിലും ജലത്തിലും എങ്ങനെ കലരുന്നു എന്നും ആത്യന്തികമായി അതെങ്ങനെ നാം കഴിക്കുന്ന ഭക്ഷണത്തിൽ എത്തുന്നു എന്നും അതു ചൂണ്ടിക്കാട്ടുന്നു. ജനപ്രിയ ഭക്ഷണങ്ങളിൽ വിഷകരമായ ഇമാലിന്യങ്ങൾ ഉണ്ടെന്ന് ദൃശ്യരൂപങ്ങൾ ഉപയോഗിച്ചു കൊണ്ടാണ് ഇതേക്കുറിച്ച് അവബോധം വളർത്താനും ഉത്തരവാദിത്തത്തോടു കൂടിയ ഇമാലിന്യ കൈകാര്യം ചെയ്യുന്നത് ഉറപ്പാക്കാനും ശ്രമിക്കുന്നത്. ഇപ്പോൾ ഇതിനു സ്കൂൾ കുട്ടികളിൽ നിന്നു തുടക്കം കുറിക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങൾ, രാജ്യം, ഭൂമി എന്നിവയുടെ പുരോഗതിക്കു വഴിയൊരുക്കുന്നതിൽ ആഴത്തിൽ ശ്രദ്ധ പതിപ്പിക്കുന്നതാണ് തങ്ങളുടെ ബ്രാൻഡിന്റെ അടിത്തറയെന്ന് ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പ് അപ്ലയൻസസ് ബിസിനസ് മേധാവിയും എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ കമൽ നന്ദി പറഞ്ഞു.

ദൃശ്യമായതും പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്നതുമായ ഇമാലിന്യ ബോധവൽക്കരണ ക്യാമ്പയിനിലൂടെ ജനങ്ങളെ മാറി ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണു തങ്ങൾ ചെയ്യുന്നത്. തങ്ങളുടെ ഭാവിയെ സംരക്ഷിക്കാനായി ഉത്തരവാദിത്തത്തോടെ ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ ഇതിലൂടെ അവരെ പ്രേരിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉപകരണങ്ങൾ, ഇലക്ട്രോണിക്സ് കളിപ്പാട്ടങ്ങൾ എന്നിവയുമായി ചുറ്റപ്പെട്ട രീതിയിൽ യുവ ഇന്ത്യ ഡിജിറ്റൽ രംഗത്തു വളരുമ്പോൾ ഇ-മാലിന്യം ഒരു ബാധ്യതയാകുകയും അത് കൂടുതൽ വർധിക്കുകയുമാണെന്ന് ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പ് അപ്ലയൻസസ് ബിസിനസ് വിപണന വിഭാഗം മേധാവി സ്വാതി രതി പറഞ്ഞു. പരിസ്ഥിതിയുടെ കാര്യത്തിൽ തങ്ങളുടെ മുഖ്യ മൂല്യങ്ങൾ അടങ്ങിയ ഉത്തരവാദിത്തമുള്ള ഒരു ബ്രാൻഡ് എന്ന നിലയിൽ യുവ തലമുറയെ തുടക്കത്തിൽ നിന്നു തന്നെ സഹായിക്കുകയാണ്. ഭക്ഷണത്തിന്റെ ഭാഷയിലാണ് ഈ പ്രചാരണം യുവ ജനങ്ങളിലേക്ക് എത്തുന്നത് ഇതിനായി അർത്ഥവത്തായ ദൃശ്യങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. ഇത് ഇ-മാലിന്യങ്ങളും തങ്ങളുടെ ആരോഗ്യവും തമ്മിൽ ബന്ധപ്പെടുത്തി ചിന്തിക്കാൻ യുവാക്കളെ സഹായിക്കുകയും ചെയ്യുന്നു. കൂടുതൽ ശ്രദ്ധയോടെ ഉത്തരവാദിത്തത്തോടെ ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യാനും ഇതു വഴിയൊരുക്കുമെന്നും സ്വാതി രതി കൂട്ടിച്ചേർത്തു.



## യുഎൽ സൈബർപാർക്കിൽ വ്യവസായ ഡിമാൻഡ് ദിനം

**കൊച്ചി:** യുഎൽ സൈബർപാർക്കിൽ ആദ്യത്തെ ഇൻഡസ്ട്രി ഡിമാൻഡ് ഡേ സംഘടിപ്പിച്ച് സാഫിയുടെ സംരംഭമായ ഡോ. മൂപ്പൻസ് എഐ ആൻഡ് റോബോട്ടിക്സ് സെന്റർ. 50ലധികം ഓട്ടോമേഷൻ, സാങ്കേതിക വെല്ലുവിളികളെ കുറിച്ച് 30ലധികം കമ്പനികൾ പരിപാടിയുടെ ഭാഗമായി വിവരങ്ങൾ പങ്കുവെച്ചു.

വരാനിരിക്കുന്ന സംസ്ഥാനതല സ്റ്റുഡന്റ് ഹാക്കത്തോണിന്റെ മുന്നോടിയായിട്ടാണ് ഈ പരിപാടി നടത്തിയത്. ജനുവരിയിൽ നടക്കാനിരിക്കുന്ന ഹാക്കത്തോണിലൂടെ പ്രായോഗികവും വിപുലീകരിക്കാവുന്നതുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഈ വിവരങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകും.വ്യവസായ ആവശ്യങ്ങളിൽ അക്കാദമിക് കഴിവുകളും ഉയർന്നുവരുന്ന പ്രതിഭകളെയും ഉപയോഗിച്ച് എഐ, റോബോട്ടിക്സ് ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പരമ്പരയിലെ മൂന്നിൽ ആദ്യത്തേതാണ് ഇൻഡസ്ട്രി ഡിമാൻഡ് ഡേ. ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ, സാഫി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സിഇഒ പ്രൊഫ. ഇ.പി. ഇമ്പിച്ചിക്കോയ, ഡയറക്ടർ കേണൽ നിസാർ അഹമ്മദ് സീതി, സാഫി ജനറൽ സെക്രട്ടറി സി. എസ്. മെഹബൂബ് എം.എ, പ്രോജക്ട് കൺസൾട്ടന്റ് സന്തോഷ് കുറുപ്പ് എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂരിലെ പ്രൊഫസർ ഡോ. പ്രഹ്ലാദ് വടക്കേപട്ട് നടത്തിയ മുഖ്യപ്രഭാഷണം, നൂതന ഓട്ടോമേഷനോടൊപ്പം മനുഷ്യ കേന്ദ്രീകൃതവും വ്യക്തിഗതവുമായ സമീപനങ്ങൾക്ക് ഊന്നൽ നൽകുന്ന ഇൻഡസ്ട്രി 5.0 യുടെ ഉയർച്ചയെ എടുത്തുകാണിക്കുന്നതായിരുന്നു. പരിപാടിയിൽ വ്യവസായ പ്രമുഖരും സാഫിയുടെ ഫാക്കൽറ്റിയുമായി ഒരു സംവേദനാത്മക സെഷൻ നടന്നു. അവിടെ പങ്കിട്ട പ്രസ്താവനകളെക്കുറിച്ചുള്ള വ്യവസായത്തിന്റെ വിശദീകരണങ്ങളിൽ ദീർഘ ചർച്ചയും നടന്നു.

## പാർത്ത് ജിൻഡാൽ പുതിയ സിഎംഎ പ്രസിഡന്റ്



**കൊച്ചി:** ഇന്ത്യയിലെ സിമന്റ് നിർമ്മാണ കമ്പനികളുടെ ഉന്നത സംഘടനയായ സിമന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ (സിഎംഎ) പുതിയ പ്രസിഡന്റായി ജെഎസ്ഡബ്ല്യു സിമന്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ പാർത്ത് ജിൻഡാലിനെ തിരഞ്ഞെടുത്തു. ജെ.കെ സിമന്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ രാഘവ്പത് സിംഘാനിയ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. അസോസിയേഷന്റെ വാർഷിക പൊതുയോഗത്തിൽ ഏകകണ്ഠമായാണ് ഇരുവരെയും തിരഞ്ഞെടുത്തത്. സിഎംഎയുടെ 60 വർഷത്തെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റാണ് പാർത്ത് ജിൻഡാൽ. ഇന്ത്യൻ സിമന്റ് വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികളെ തരണംചെയുന്നതിന് പുതിയ ഊർജവും വ്യക്തമായ കാഴ്ചപ്പാടും നൽകാൻ അദ്ദേഹത്തിന് കഴിയുമെന്ന് സിഎംഎ അംഗങ്ങൾ പ്രതീക്ഷ പ്രകടിപ്പിച്ചു.

## എസ്.എഫ്.ബി.സി സ്പോർട്സ് ഫെസ്റ്റ് 2025

**കൊച്ചി:** സ്റ്റേറ്റ് ഫോറം ഓഫ് ബാങ്കേഴ്സ് ക്ലബ്ബ്സ് കേരള (എസ്.എഫ്.ബി.സി.കെ ) കേരളത്തിലെ ബാങ്ക് ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന സ്പോർട്സ് ഫെസ്റ്റ് ഞായറാഴ്ച നടക്കും. കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെൻററിലാണ് ഫുട്ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ചെസ്സ് തുടങ്ങിയ ഇനങ്ങളിൽ മൽസരം. വിവിധ ബാങ്കുകളിൽ നിന്നായി മുന്നുറിലധികം ബാങ്ക് ജീവനക്കാർ വിവിധ ഇനങ്ങളിലായി മൽസരിക്കുമെന്ന് എസ്.എഫ്.ബി.സി.കെ ജനറൽ സെക്രട്ടറി എ സി ജയഗോപാലൻ, അറിയിച്ചു.

# പേറ്റന്റുകളിൽ ചരിത്രം കുറിച്ച് ജിയോ പ്ലാറ്റ്ഫോംസ്; ഫയൽ ചെയ്തത് 1037 അന്താരാഷ്ട്ര പേറ്റന്റുകൾ

**കൊച്ചി/മുംബൈ:** ബൗദ്ധിക സ്വത്തുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ഒരു പുതിയ ചരിത്രം കുറിച്ചിരിക്കുകയാണ് ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ്. കേന്ദ്ര സർക്കാരിന്റെ കൺട്രോളർ ജനറൽ ഓഫ് പേറ്റന്റ്സ്, ഡിസൈൻസ് ആന്റ് ട്രേഡ് മാർക്ക്സ് ഓഫീസിന്റെ 2024-25 വാർഷിക റിപ്പോർട്ട് പ്രകാരം, ആഗോളതലത്തിൽ ഏറ്റവും കൂടുതൽ ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുന്ന ഇന്ത്യൻ സ്ഥാപനമായി ജിയോ പ്ലാറ്റ്ഫോംസ് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പട്ടികയിൽ രണ്ടാമത് മുതൽ പത്താം സ്ഥാനം വരെയുള്ള സ്ഥാപനങ്ങൾ സംയുക്തമായി ഫയൽ ചെയ്ത പേറ്റന്റുകളുടെ ഇരട്ടിയിലധികമാണ് ജിയോ ഒറ്റയ്ക്ക് ഫയൽ ചെയ്തിരിക്കുന്നത്. ഒരു കമ്പനിയുടെ ഗവേഷണവികസന രംഗത്തെ മുന്നേറ്റവും വിപണിയിലെ നേതൃത്വവും അളക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡങ്ങളിലൊന്നാണ് പേറ്റന്റ് ഫയലിംഗ് ഡാറ്റ. സർക്കാർ റിപ്പോർട്ടിലെ പ്രധാന സ്ഥിതിവിവരക്കണക്കുകൾ ജിയോയുടെ ഈ രംഗത്തെ അനിഷേധ്യമായ ആധിപത്യം വ്യക്തമാക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ജിയോ പ്ലാറ്റ്ഫോംസ് ഫയൽ ചെയ്തത് 1,037 അന്താരാഷ്ട്ര പേറ്റന്റുകളാണ്. ഇന്ത്യൻ പേറ്റന്റുകൾ ഉൾപ്പെടെ, 2024-25 കാലയളവിൽ ജിയോ ഫയൽ ചെയ്തത് ആകെ 1,654 പേറ്റന്റുകളാണ്.2025 മാർച്ച് 31ലെ കണക്കനുസരിച്ച്, ജിയോയുടെ കൈവശം 485 പേറ്റന്റുകളാണുണ്ടായിരുന്നത്. പ്രധാനമായും 5ജി, 6ജി സാങ്കേതികവിദ്യകളിലാണ് ഇവ കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ജിയോയുടെ മുന്നേറ്റത്തിന്റെ വ്യാപ്തി വ്യക്തമാകും. ജിയോയുടെ 1,037 അന്താരാഷ്ട്ര പേറ്റന്റുകൾ, റാങ്കിംഗിൽ രണ്ടാമത് മുതൽ പത്താം സ്ഥാനം വരെയുള്ള സ്ഥാപനങ്ങളുടെയെല്ലാം മൊത്തം പേറ്റന്റുകളുടെ ഇരട്ടിയിലധികം വരും എന്നത് ഈ നേട്ടത്തിന് അസാധാരണമായ മാനം നൽകുന്നു.



ഒരു ഡീപ്ടെക് ശക്തികേന്ദ്രമായി മാറാനുള്ള ജിയോയുടെ കൃത്യമായ തന്ത്രത്തിന്റെ ഫലം കൂടിയാണിതെന്ന് റിലയൻസ് ഇൻഡസ്ട്രീസ് ഡയറക്ടർ ആകാശ് അംബാനി പറഞ്ഞു. ജിയോയുടെ ബൗദ്ധിക സ്വത്ത് രംഗത്തെ മുന്നേറ്റത്തിന് പിന്നിലെ പ്രധാന ചാലകശക്തി നയങ്ങളിൽ വരുത്തിയ തന്ത്രപരമായ മാറ്റമാണ്. കമ്പനിയുടെ നേതൃത്വം ഈ കാഴ്ചപ്പാട് പലതവണ വ്യക്തമാക്കിയിട്ടുണ്ട്. റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മുകേഷ് അംബാനിയുടെ വാക്കുകളിൽ ഈ ലക്ഷ്യം വ്യക്തമാണ്: 'അത്യാധുനിക നിർമ്മാണ ശേഷിയുള്ള ഒരു ഡീപ്ടെക് കമ്പനിയായി മാറുന്നതിന് ഞങ്ങളുടെ പ്രവർത്തന മാതൃകയെ ദൃഢനിശ്ചയത്തോടെ മാറ്റിമറിക്കുകയാണ്. ഞങ്ങളുടെ ഓരോ ബിസിനസ്സിനെയും ഞങ്ങൾ എഐ അധിഷ്ഠിതമാക്കി മാറ്റുന്നു, അതുവഴി അവയെ അതിവേഗ വളർച്ചയ്ക്ക് സജ്ജമാക്കുന്നുവെന്നും ആകാശ് അംബാനി വ്യക്തമാക്കുന്നു.

# ലൈഫ് കി സ്ക്രിപ്റ്റ് ക്യാമ്പയിനുമായി എച്ച്ഡിഎഫ്സി ലൈഫ്

**കൊച്ചി:** അപ്രതീക്ഷിതമായി ജീവിതത്തിൽ സംഭവിക്കുന്ന സാമ്പത്തിക അനിശ്ചിതത്വങ്ങളെ ആത്മവിശ്വാസത്തോടെ നേരിടുന്നതിനും ഭാവി സുരക്ഷിതമാക്കുന്നതിനും ലൈഫ് ഇൻഷുറൻസ് വഹിക്കുന്ന പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനിയായ എച്ച്ഡിഎഫ്സി ലൈഫ്, ബോധവൽക്കരണ ക്യാമ്പയിൻ ആരംഭിച്ചു. 'ലൈഫ് കി സ്ക്രിപ്റ്റ്' എന്നപേരിൽ പുറത്തിറക്കിയ പരസ്യചിത്ര ക്യാമ്പയനിൽ ടെലിവിഷൻ അവതാരകനും എഴുത്തുകാരനുമായ സൈറസ് ബ്രോച പ്രധാന വേഷത്തിലെത്തുന്നു. ടേം, സേവിംഗ്സ്, റിട്ടയർമെന്റ് എന്നിങ്ങനെ ലൈഫ് ഇൻഷുറൻസ് ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് പരസ്യത്തിന്റെ ഉള്ളടക്കം. രാജ്യത്തെ ജനങ്ങൾ ലൈഫ് ഇൻഷുറൻസ് എടുക്കുന്നതിനോട് വിമുഖത കാണിക്കുന്നു എന്ന വിവിധ പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് എച്ച്ഡിഎഫ്സി ലൈഫ് ബോധവൽക്കരണ ക്യാമ്പയിനുമായി രംഗത്തെത്തിയതെന്ന് എച്ച്ഡിഎഫ്സി ലൈഫ് മാർക്കറ്റിംഗ് മേധാവി പ്രിതിക ഷാ പറഞ്ഞു. ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി പരസ്യത്തിന് രാജ്യവ്യാപക പ്രചാരണം നൽകും.

# ഐപിഒയിൽ നേട്ടംകൊയ്ത് ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി

**കൊച്ചി:** അസറ്റ് മാനേജ്മന്റ് കമ്പനിയായ ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസിയുടെ പ്രാരംഭ ഓഹരി വിൽപ്പനയ്ക്ക് ലഭിച്ചത് വൻ സ്വീകാര്യതയെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി അധികൃതർ. അറിയിച്ചു. ഐപിഒ അവസാനിച്ച ഡിസംബർ 16ന് മാത്രം 39.2 മടങ്ങ് അപേക്ഷകരാണ് ഓഹരികൾക്കായി വിപണിയിലെത്തിയത്.

ഏകദേശം 2.96 ലക്ഷം കോടി രൂപയുടെ ധനസമാഹരണമാണ് 5 ദിവസങ്ങളിലായി നടന്ന ഐപിഒയിലൂടെ ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി നേടിയത്. ഈ വർഷത്തെ ഏറ്റവും ഉയർന്ന രണ്ടാമത്തെ വിപണി പ്രകടനമാണ് ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി ഓഹരികൾക്ക് നേടാനായത്.

# പരിശീലനം പൂർത്തിയാക്കി നേഴ്സുമാർ ബെൽജിയത്തിലേക്ക്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിങ് ഏജൻസിയായ ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസ് ലിമിറ്റഡും (ഒഡെപെക്) എറണാകുളം ലൂർദ് ആശുപത്രിയും ചേർന്ന് ബെൽജിയത്തിൽ നിന്നുള്ള ഡിഗ്നിറ്റാസ് കൺസോർഷ്യവുമായി നടപ്പിലാക്കുന്ന 'അറോറ' പദ്ധതിയുടെ അഞ്ചാമത്തെ ബാച്ചിൽ 73 നേഴ്സുമാർ ഡച്ച് ഭാഷാ പരിശീലനം സൗജന്യമായി പൂർത്തിയാക്കി ജനുവരി 13 ന് ബെൽജിയത്തിലേക്ക് തിരിക്കും. യാത്രയയപ്പ് ചടങ്ങ് ജില്ലാ ലേബർ ഓഫീസർ എം. ജോവിൻ ഉദ്ഘാടനം ചെയ്തു. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 73 നേഴ്സുമാർക്കുള്ള പാസ്പോർട്ടും വിസയും അദ്ദേഹം ചടങ്ങിൽ വിതരണം ചെയ്തു. അറോറ പ്രോജക്ട് മാനേജർ ജോൺ ബാപ്റ്റിസ്റ്റ് ബെൽജിയത്തിൽ നിന്ന് ഓൺലൈനിലൂടെ വിദ്യാർത്ഥികളുമായി സംസാരിച്ചു. ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാദർ ജോർജ് സെക്വീര അധ്യക്ഷത വഹിച്ച ചടങ്ങിൽ ഒഡെപെക് റിക്രൂട്ട്മെന്റ് ഹെഡ് സ്വപ്ന അനിൽദാസ്, ലൂർദ് ആശുപത്രി എച്ച്. ആർ മനേജറും അറോറ പ്രോജക്ട് മാനേജറുമായ അന്ന സിജി ജോർജ്, ബെൽജിയത്തിൽ നിന്ന് പരിശീലനത്തിന് നേതൃത്വം കൊടുത്ത ക്രിസ്റ്റ ഡി ബാർ ബെന്റർ എന്നിവർ സംസാരിച്ചു.

പദ്ധതിയിൽ യോഗ്യതനേടിയവർക്ക് പ്രതിമാസ സ്റ്റൈപന്റോടെ ഡച്ച് ഭാഷ സൗജന്യമായി പഠിച്ച് ബെൽജിയത്തിൽ ജോലി പ്രവേശിക്കാൻ കഴിയും. ഇതിനായി ആറു മാസം ദൈർഘ്യമുള്ള ഡച്ച് ഭാഷാ പരിശീലനം ലൂർദ് ആശുപത്രിയിൽ സൗജന്യമായി സ്റ്റൈപന്റോടെ നൽകും. പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ഉടൻ ആരംഭിക്കും.

# ബംഗളൂരുവിൽ സൈബർ ഡിഫൻസ് സെന്റർ ആരംഭിച്ച് കോഗ്നിസന്റ്

**കൊച്ചി:** ആഗോള ഐടി സേവന സ്ഥാപനമായ കോഗ്നിസന്റ് ബംഗളൂരുവിൽ സൈബർ ഡിഫൻസ് സെന്റർ ആരംഭിച്ചു. ആഗോള തലത്തിലുള്ള കോഗ്നിസന്റിന്റെ സിഡിസി നെറ്റ്വർക്കിലെ നിർണായക കേന്ദ്രമായ ഈ സ്ഥാപനം, കമ്പനിയുടെ ഏറ്റവും വലിയ സൈബർ ഡിഫൻസ് കേന്ദ്രവുമാണ്. എ.ഐ. അധിഷ്ഠിത, പ്ലാറ്റ്ഫോം കേന്ദ്രീകൃത സൈബർസുരക്ഷാ മാനേജ്ഡ് സേവനങ്ങൾ, എഞ്ചിനീയറിംഗ്, ട്രാൻസ്ഫോർമേഷൻ സേവനങ്ങൾ എന്നിവ ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് ഈ കേന്ദ്രം നൽകും. 24 മണിക്കൂർ നിരീക്ഷണവും വേഗത്തിലുള്ള സുരക്ഷാ പ്രതികരണവും ഉറപ്പാക്കുന്ന കേന്ദ്രത്തിൽ സംയോജിത ഭീഷണി ഗവേഷണ ലാബും പ്രമുഖ സാങ്കേതിക കമ്പനികളുമായുള്ള തന്ത്രപ്രധാന പങ്കാളിത്തങ്ങളും ഉൾക്കൊള്ളുന്നു. എ.ഐ. ആധാരിത ഭീഷണികളെ മുൻകൂട്ടി തിരിച്ചറിയാനും തടയാനും ചെറുക്കാനും സഹായിക്കുന്ന ബുദ്ധിപൂർണ സൈബർസുരക്ഷാ സേവനങ്ങളിലേക്കുള്ള കോഗ്നിസന്റിന്റെ പ്രതിബദ്ധതയാണ് ഈ കേന്ദ്രം പ്രതിഫലിപ്പിക്കുന്നതെന്ന് സി.ഇ.ഒ. എസ്. രവി കുമാർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com